**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** **12-12-2022 - ൽ മറുപടിയ്ക്ക്**

**മെട്രോ റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടമായ ഇൻഫോപാർക്കിലേക്കുള്ള പാതയ്ക്ക് അനുമതി നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തിയതും അംഗീകൃത എസ്റ്റിമേറ്റ് തുക വെട്ടിക്കുറച്ചതും പദ്ധതിയെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ; | (എ) | കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 27.07.2018-ലെ സ.ഉ(അച്ചടി)നം.52/2018/ഗതാ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, പദ്ധതിയുടെ വിശദ പദ്ധതി രേഖ (Detailed Project Report – DPR) 2017-ലെ മെട്രോ റെയിൽ പോളിസിക്ക് അനുസൃതമായി പുതുക്കി ലഭ്യമാക്കുവാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതിയുടെ ചെലവ് 1957.05 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും, 07.09.2022-ൽ കേന്ദ്രമന്ത്രിസഭ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ അംഗീകൃത എസ്റ്റിമേറ്റിൽ വരുത്തിയിട്ടുള്ള കുറവ് പദ്ധതിയുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പദ്ധതി നിർവ്വഹണത്തിലുള്ള പുരോഗതിക്ക് അനുസരിച്ച് മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിലെ മെട്രോ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ ഉയർന്ന തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2017-ലെ മെട്രോ റെയിൽ പോളിസി, മെട്രോ പദ്ധതികളുടെ ചെലവ് കണക്കാക്കുന്നതിന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം, 2019 ഫെബ്രുവരിയിൽ പുറത്തിറക്കിയ ബെഞ്ച്മാർക്ക് റിപ്പോർട്ട് എന്നിവയ്ക്ക് അനുസൃതമായാണ് എല്ലാ സംസ്ഥാനങ്ങളിലേയും മെട്രോ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകുന്നത്. അതിനാലാണ് ഓരോ സംസ്ഥാനത്തേയും മെട്രോ റെയിൽ പദ്ധതികൾക്ക് വ്യത്യസ്തമായ തുകയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്. |
| (സി) | കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് കാരണം വളരെ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുമായിരുന്ന വായ്പ നൽകുന്നതിൽ നിന്ന് ഫ്രഞ്ച് വികസന ബാങ്ക് | (സി) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പിനായി 1016.24 കോടി രൂപ ഉഭയകക്ഷി/ബഹുമുഖ (bilateral/multilateral) |

| | | | |
|---|---|---|---|
| | പിന്മാറിയത് പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | | ഫണ്ടിംഗ് ഏജൻസികളിൽ നിന്നും വായ്പയെടുക്കുവാനാണ് കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്. DEA-യുടെ നിർദ്ദേശപ്രകാരം ബാഹ്യ ഫണ്ടിംഗ് ഏജൻസിയിൽ നിന്നും Pass through Assistance ആയി വായ്പ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.<br><br>കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര അംഗീകാരം ലഭ്യമായ ശേഷം പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധന സമാഹരണത്തിനായി ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയെ വായ്പയ്ക്കായി സമീപിച്ചിട്ടില്ല. |
| (ഡി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 08.04.2021-ലെ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനാ പദ്ധതികളെക്കുറിച്ച് 08.09.2021-ൽ മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിലെ തീരുമാനം പരിഗണിച്ചും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) നടപ്പാക്കി വരുന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ 01.09.2022-ലെ സ.ഉ.(അച്ചടി)നം.43/2022/ഗതാ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.<br><br>NATPAC / മറ്റ് accredited agencies വഴിയോ പുതിയ Comprehensive Mobility Plan (CMP)-ഉം, Alternative Analysis Report (AAR)-ഉം തയ്യാറാക്കി നൽകുന്നതിനനുസരിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ